(16) വെള്ളായണി വാട്ടർ സപ്ലൈ സ്കീം

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, തിരുവനന്തപുരം പട്ടണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടായിട്ടുള്ള ശുദ്ധജല ക്ഷാമത്തെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. അതുപോലെതന്നെ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വളരെക്കാലമായി ശുദ്ധജലക്ഷാമം നിലനിൽക്കുകയാണ്. കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളിലും തിരുവനന്തപുരം പട്ടണത്തിലും ശുദ്ധജലവിതരണം നടത്താൻ പര്യാപ്തമാകുന്ന ഒരു പദ്ധതിയെന്നുള്ളനിലയിലാണ് വെള്ളായണി വാട്ടർസപ്ലൈ സ്കീം ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തത്വത്തിൽ തീരുമാനിക്കുകയും അതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തത്. പക്ഷേ ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഒച്ചിഴയുന്ന തരത്തിലാണ് പോകുന്നത്. അത് ദ്രുതഗതിയിൽ പൂർത്തിയാക്കുകയും അതുസംബന്ധിച്ച് സഹായം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യണം. അതിൽ കാലതാമസമുണ്ടാകരുതെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, വെള്ളായണി കായലിലെ പദ്ധതിയെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി അവിടത്തെ ജല ലഭ്യത, അതിന്റെ ഗുണമേന്മ സ്രോതസിന്റെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ എന്നിവ തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ഉടൻ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മോൻസ് ജോസഫിന്റെ സബ്മിഷൻ ഇപ്പോൾ ചെയർ അനുവദിച്ചിരിക്കുകയാണ്. അതിനുശേഷം ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ ഒരു നോട്ടീസ് ചെയറിന് തന്നിട്ട് ഒരു ഒബ്ജക്ഷൻ, എന്നു പറഞ്ഞാൽ ഒരു നിയോജകമണ്ഡലത്തിലെ അതിർത്തിയുടെ പ്രശ്നം ഞാൻ പറഞ്ഞല്ലോ, അതിന്റെ പേരിൽ അദ്ദേഹം എഴുതി തന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. തോമസ് ചാഴികാടൻ സബ്മിഷൻ കൊണ്ടുവന്നപ്പോൾ അങ്ങും ശ്രീ. പി. നാരായണനുംകൂടി ഒബ്ജക്ഷൻ കൊണ്ടുവന്നു. ചെയർ ഈ കാര്യത്തിൽ നിസ്സഹായനാണ്. അതുകൊണ്ട് ഈ സബ്മിഷൻ ഇപ്പോൾ ഉന്നയിക്കുക. ഉന്നയിക്കുമ്പോൾ 'എന്റെ നിയോജകമണ്ഡലത്തിലെ' കാര്യം എന്നു കൂടി ചേർക്കണം. മറ്റ് കാര്യങ്ങൾ വേണ്ട. അത് സ്വീകാര്യമാണ്. അല്ലാതെ എന്തുചെയ്യാൻ കഴിയും?

(17) കടുത്തുരുത്തി മണ്ഡലത്തിലെ പട്ടർമഠം കുടിവെള്ള പദ്ധതി

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ പൂർത്തിയാക്കണമെന്നഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. പക്ഷേ അതിന്റെ പ്രയോജനം മറ്റ് സ്ഥലങ്ങളിലും കിട്ടുന്നുണ്ടെന്നുള്ളത് ശരിയാണ്. കടുത്തുരുത്തി

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ, കാണക്കാരി പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാനും മറ്റ് സമീപത്തുള്ള വിവിധ പഞ്ചായത്തുകളിലും ഉപയോഗിക്കാൻകഴിയുന്ന നിലയിൽ വിഭാവനചെയ്ത പട്ടർമഠം കുടിവെള്ള പദ്ധതിക്ക് പണ്ട് ഒരു ശിലാസ്ഥാപന കർമ്മം നടന്നതല്ലാതെ ഇതുവരെ അതിന്റെ മറ്റ് നടപടിക്രമങ്ങളിലേക്ക് പോയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി തുടങ്ങാനാവശ്യമായ ഭരണാനുമതി കൊടുത്തുകൊണ്ട് കുറെ കാര്യങ്ങൾ ചെയ്യിക്കുകയുണ്ടായി. പക്ഷേ ഇന്നും അവിടെ അനിശ്ചിതാവസ്ഥ നിൽക്കുകയാണ്. പട്ടർമഠം പദ്ധതി തുടങ്ങാനുള്ള യാതൊരു നടപടിക്രമങ്ങളും നിലവിൽ ഉണ്ടായിട്ടില്ല. ഈ പദ്ധതി എത്രയും വേഗം തുടങ്ങാനുള്ള നടപടിയുണ്ടാകണം. അതുപോലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിനും സമീപപ്രദേശങ്ങൾക്കുംവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തുടക്കം കുറിച്ച വെള്ളൂർ, മുളക്കുളം-വെളിയന്നൂർ എന്നുള്ള ഒരു പദ്ധതിയുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഉൽഘാടനം ചെയ്തതാണ്. ആ പദ്ധതി ഇന്ന് മുടങ്ങിക്കിടക്കുകയാണ്. ആ പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടി അനുസരിച്ച് കല്ലറ പഞ്ചായത്തിലെ മുണ്ടാർ ദ്വീപിൽ താമസിക്കുന്ന, ചെളിവെള്ളത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പാവപ്പെട്ടവരായ ജനങ്ങൾക്കുവേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതി-അതിനാവശ്യമായ നടപടിക്രമങ്ങൾ വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും മുൻകൈയെടുത്തുകൊണ്ട് എത്രയുംവേഗം നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ മറുപടി തന്നതാണ്. ഇതുവരെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാനോ ആ പദ്ധതിക്കാവശ്യമായ കാര്യങ്ങൾ ചെയ്യാനോ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും വാട്ടർ അതോറിറ്റിയും മുന്നോട്ടുവന്നിട്ടില്ല. ഈ കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ : സർ, പട്ടർമഠം എന്നറിയപ്പെടുന്ന കുടിവെള്ള പദ്ധതി ഏറ്റുമാന്നൂർ നിയോജകമണ്ഡലത്തിലെ ഏറ്റുമാന്നൂർ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് 1983-ൽ എന്റെ മുൻഗാമി ശ്രീ. ഇ.ജെ. ലൂക്കോസ് എം.എൽ.എ. ആയിരിക്കുന്ന അവസരത്തിൽ തറക്കല്ലിട്ടതാണ്. ഈ പദ്ധതി ഏറ്റുമാന്നൂർ പഞ്ചായത്തിലെ പേരൂർ വില്ലേജിലെ കിണറ്റുമ്മൂട് ഭാഗത്ത് സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽനിന്നും വെള്ളമെടുത്ത് ഏറ്റുമാന്നൂർ നിയോജകമണ്ഡലത്തിലെ 7വില്ലേജുകളിലും കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ 2 വില്ലേജുകളിലും കുടിവെള്ളം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കഴിഞ്ഞ 8 വർഷത്തിനിടയിൽ 5 തവണ ഞാൻ ഈ സഭയിൽ ഈ വിഷയം അവതരിപ്പിച്ചതാണ്. ഇപ്പോൾ ഈ പദ്ധതിയുടെ പേര് A.R.W.S.S scheme for water supply to Ettumanoor and adjoining villages എന്നാണ്. 1995-ൽ രാജീവ്ഗാന്ധി നാഷണൽ ഡ്രിംങ്കിംഗ് വാട്ടർ മിഷൻ 13.20 കോടി രൂപ അനുവദിച്ചു. പിന്നീട് ഭരണാനുമതി സർക്കാർ നൽകി. ഇതിന്റെ ട്രീറ്റുമെന്റ് പ്ലാന്റ് ഏറ്റുമാന്നൂർ പഞ്ചായത്തിൽ മംഗളംകുന്നിൽ സ്ഥാപിക്കുന്നതിനാണ് ഭരണാനുമതി നൽകിയിരുന്നത്. വാട്ടർ അതോറിറ്റി ഈ മംഗളംകുന്നിൽനിന്നും ട്രീറ്റുമെന്റ് പ്ലാന്റ് പേരൂരിലേക്ക് മാറ്റാനുള്ള ഒരു നിർദ്ദേശംവച്ചു. അതിൻമേൽ ഇതുവരെ തീരുമാനമു

ണ്ടാകാത്തതുകൊണ്ടാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. 16 വർഷമായിട്ട് ഇതുവരെ തുടങ്ങാത്ത ഈ പദ്ധതി എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കാണക്കാരി മാഞ്ഞൂർ പഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് കേന്ദ്ര ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി ഏറ്റുമാന്നൂരും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി (അതായത് പട്ടർമഠം പദ്ധതി) ആവിഷ്ക്കരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കാൻ 997 ലക്ഷം രൂപ വേണ്ടിവരും. കോട്ടയം മെഡിക്കൽ കോളേജിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാനിരിക്കുന്ന മീനച്ചൽ നദീതീരത്തുള്ള കിണർ ഈ പദ്ധതിക്കുംകൂടി ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ട്. ഇപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ത്വരിത ഗ്രാമീണ പദ്ധതിയായതിനാൽ പദ്ധതിക്കാവശ്യമായ സ്ഥലം അതാത് പഞ്ചായത്തുകൾ സൗജന്യമായി നൽകേണ്ടതാണ്. പദ്ധതിയുടെ പുതുക്കിയ റിപ്പോർട്ടിന്റെ പരിശോധന കഴിഞ്ഞ് പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഇ.പി.സി.എം. കരാർ സമ്പ്രദായം വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വെളിയന്നൂരും സമീപ ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 366.42 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. ഈ പദ്ധതിക്കും വൈക്കം ശുദ്ധജല വിതരണ പദ്ധതിക്കുംകൂടി പൊതുവായിട്ടാണ് മൂവാറ്റുപുഴ ആറിന്റെ തീരത്ത് കിണർ വിഭാവനചെയ്തിരിക്കുന്നത്. കിണർ നിർമ്മിക്കുന്നതിന് ടെന്റർ ക്ഷണിച്ചിരുന്നു എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജനകീയാസൂത്രണ പരിപാടി പ്രകാരം കല്ലറ-മുണ്ടാർ പ്രദേശങ്ങളിലേക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റുചെയ്തിട്ടുണ്ട്. പദ്ധതിക്കായി നിർമ്മിക്കാനുദ്ദേശിക്കുന്ന കുഴൽക്കിണറിന്റെ എസ്റ്റിമേറ്റും സാദ്ധ്യതാ റിപ്പോർട്ടും ലഭ്യമാക്കി ഈ തുക ഭൂജലവകുപ്പിനെ ഏൽപ്പിച്ച് പണി ആരംഭിക്കുന്നതാണ്.

(18) കാസർഗോഡ് ജില്ലയിലെ കുടിവെള്ള ക്ഷാമം

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, നദികളാൽ പ്രകൃതി അനുഗ്രഹിച്ച ഒരു ജില്ലയാണ് കാസർഗോഡ്. ഇന്ന് ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ജില്ലയും കാസർഗോഡാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ ആവശ്യമായ ശുദ്ധജലവിതരണ പദ്ധതികൾ തയ്യാറാക്കാതിരിക്കുകയും നടപ്പിലാക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി ആ അനുഗ്രഹം ഇന്ന് നമുക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ജില്ലയിലെ കിണറുകളും കുളങ്ങളും നദികളും വറ്റിവരണ്ട് കുടിവെള്ളത്തിന് ജനങ്ങൾ നെട്ടോട്ടമോടുകയാണ്. ജില്ലയിലെ ജലവിതരണ പദ്ധതികൾ കടലാസ്സുകളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ബാവിക്കര റെഗുലേറ്റർ പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രീക്വാളിഫിക്കേഷൻ ടെന്റർ ക്ഷണിച്ചതായിരുന്നു. അതിൽ പാലം ഒഴിവാക്കി അതിന്റെ എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്യേണ്ടിവന്നതുകൊണ്ട് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly